**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1485** **01-02-2024 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകരുടെ ദിവസവേതന കുടിശ്ശിക നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോർപ്പറേറ്റ് മാനേജ്മെന്റിന്റെയും മറ്റ് മാനേജ്മെന്റുകളുടേയും കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൽ.പി.എസ്.എ, യു.പി.എസ്.എ, എച്ച്.എസ്.എ തുടങ്ങിയ തസ്തികകളിൽ നിയമിക്കുന്ന അദ്ധ്യാപകർക്ക് നിയമന അംഗീകാരം നൽകുമ്പോൾ ചില അദ്ധ്യാപകരുടെ നിയമനം ദിവസ വേതന ക്രമത്തിൽ അംഗീകരിക്കുകയും പിന്നീട് വരുന്ന ഒഴിവിൽ സ്ഥിര അംഗീകാരം നൽകുയും ചെയ്യുന്നുണ്ടോ; ഇപ്രകാരം നിയമിക്കുന്നവർക്ക് അംഗീകരിച്ച ദിവസവേതനക്കാലത്തെ ശമ്പളക്കുടിശ്ശിക കൈപ്പറ്റുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമ തടസ്സം ഉണ്ടോ; വിശദാംശം ലഭ്യമാകുമോ; | (എ) | ഉണ്ട്. ഇപ്രകാരം നിയമിക്കുന്നവർക്ക് ശമ്പളക്കുടിശ്ശിക കൈപ്പറ്റുന്നതിന് ധനകാര്യ വകുപ്പിന്റെ നം.07/2021/ ധന തീയതി 27-01-2021 പരിപത്രത്തിലെ നിബന്ധനകൾ ബാധകമാണ്. മേൽ പരിപത്ര പ്രകാരം എയ്ഡഡ് സ്കൂളുകളിലെ അംഗീകാരം ലഭിക്കാതിരുന്ന മുൻകാല നിയമനങ്ങളിൽ പിന്നീട് അംഗീകാരം ലഭിക്കുന്ന സാഹചര്യത്തിൽ ശമ്പളകുടിശ്ശിക എല്ലാം പി.എഫ് അക്കൌണ്ടിലേക്ക് നിഷേപിക്കുവാനാണ് നിലവിൽ നിർദേശമുള്ളത് പരിപത്രത്തിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. ഇു സംബന്ധിച്ച് ബഹു. സുപ്രീംകോടതിയുടെ മുമ്പാകെ നിലനിൽക്കുന്ന ഹർജികളിന്മേലുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | 01.01.2016 മുതൽ 31.1.2017 വരെ ദിവസവേതനത്തിലും 01.02.2017 മുതൽ സ്ഥിരനിയമനത്തിനുള്ള അംഗീകാരവും ലഭിച്ച വ്യക്തിക്ക് 01.06.2016 മുതൽ 31.01.2017 വരെയുള്ള ദിവസവേതന കുടിശ്ശിക നിലവിൽ മാറി നൽകുന്നതിന് കഴിയുമോ; വിശദാംശം ലഭ്യമാകുമോ; | (ബി) | ശമ്പളക്കുടിശ്ശിക തുക നൽകുന്നതിന് നം.07/2021/ ധന തീയതി 27-01-2021 പരിപത്രത്തിലെ നിബന്ധനകൾ ബാധകമാണ്. |
| (സി) | റഗുലർ നിയമനകാലം മുതൽ ശമ്പളം കൈപ്പറ്റികൊണ്ടിരിക്കുന്ന കാരണത്താൽ ദിവസ വേതന കാലഘട്ടത്തെ ശമ്പളം ലഭ്യമാക്കുന്നതിന് നിയമപരമായ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; കുടിശ്ശിക ശമ്പളം മാറി നൽകുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | റഗുലർ നിയമനകാലം മുതൽ ശമ്പളം കൈപ്പറ്റികൊണ്ടിരിക്കുന്ന കാരണത്താൽ ദിവസ വേതന കാലഘട്ടത്തെ ശമ്പളം ലഭ്യമാക്കുന്നതിനും നം.07/2021/ധന തീയതി 27-01-2021 പരിപത്രത്തിലെ നിബന്ധനകൾ ബാധകമാണ്. ടി തുക ജീവനക്കാർക്ക് നിയമന അംഗീകാരം നൽകിയ ഉത്തരവ് തീയതി മുതൽ അഞ്ച് വർഷം കഴിഞ്ഞ് മാത്രമേ പിൻവലിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ടി വർഷ കാലയളവിനുള്ളിൽ സർവ്വീസിൽ നിന്നും പിരിഞ്ഞു പോകുന്നവർക്കും പി.എഫ് അംഗത്വം നിർബന്ധമില്ലാത്തവർക്കും നിലവിൽ പി.എഫ് |

| | | | |
|---|---|---|---|
| | | | ഇല്ലാത്ത പാർട്ട് ടൈം ടീച്ചർമാർക്കും ശമ്പളകുടിശ്ശിക അവരുടെ ബാങ്ക്/ട്രഷറി അക്കൗണ്ടിലേക്ക് മാറ്റി നൽകാവുന്നതാണ്. |
| (ഡി) | ഇത്തരത്തിൽ എൽ.പി.എസ്.എ, യു.പി.എസ്.എ, എച്ച്.എസ്.എ ആയി ജോലി നോക്കുന്ന അദ്ധ്യാപകരുടെ അംഗീകരിച്ച ദിവസവേതന കുടിശ്ശിക അനുവദിക്കേണ്ട ചുമതല ആർക്കാണെന്നു വ്യക്തമാക്കാമോ; | (ഡി) | എൽ.പി.എസ്.എ, യു.പി.എസ്.എ, എച്ച്. എസ്.എ ആയി ജോലി നോക്കുന്ന അദ്ധ്യാപകരുടെ അംഗീകരിച്ച ദിവസവേതന കുടിശ്ശിക അനുവദിക്കേണ്ട ചുമതല ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്കാണ്. |
| (ഇ) | റെഗുലർ നിയമനം അംഗീകരിച്ച കാലയളവു മുതൽ ശമ്പളം തുടർച്ചയായി വാങ്ങുന്ന കാരണത്താൽ ദിവസ വേതന ക്രമത്തിൽ അംഗീകരിച്ച ശമ്പളക്കുടിശ്ശിക ഇപ്പോൾ പി.എഫിൽ നിക്ഷേപിക്കണമെന്ന് നിബന്ധനയുണ്ടോ; വർഷങ്ങളായി ശമ്പളം ഇല്ലാതെ ജോലി നോക്കിയ അദ്ധ്യാപകരുടെ കാര്യത്തിൽ ദിവസവേതന കുടിശ്ശിക പണമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | ഉണ്ട്. ശമ്പളക്കുടിശ്ശിക തുക നൽകുന്നതിന് നം.07/2021/ധന തീയതി 27-01-2021 പരിപത്രത്തിലെ നിബന്ധനകൾ ബാധകമാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

ധനകാര്യ (പി എഫ്) വകുപ്പ്

നം.07/2021 /ധന

തിരുവനന്തപുരം തീയതി: 27/01/2021

## പരിപത്രം

വിഷയം:- നിയമനാംഗീകാരം ലഭിച്ച എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക / അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള കുടിശ്ശിക നിലവിലുള്ള പി എഫ് അക്കൗണ്ടുകളിൽ ലയിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സ ഉ (പി) നം.10/2010/പൊ വി വ തീയതി 12/01/2010

2. സ ഉ (പി) നം.29/2016/പൊ വി വ തീയതി 29/01/2016

3. പരിപത്രം നം.06/2018/ധന തീയതി 10/01/2018

സൂചന 2 പ്രകാരം നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരിൽ പെൻഷൻ പറ്റിപ്പോയവർ/പി എഫ് അംഗത്വം നിർബന്ധമല്ലാത്തവർ എന്നിവരൊഴിച്ചുള്ളവരുടെ മുൻകാല ശമ്പള കുടിശ്ശിക ആയതിലെ ഖണ്ഡിക II (6) ലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിലുള്ള പി എഫ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണെന്ന് സൂചന 3 പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു.

എന്നാൽ എയ്ഡഡ് സ്കൂളുകളിലെ അംഗീകാരം ലഭിക്കാതിരുന്ന മുൻകാല നിയമനങ്ങളിൽ പിന്നീട് അംഗീകാരം ലഭിക്കുന്ന സാഹചര്യത്തിൽ ശമ്പള കുടിശ്ശിക ഇനത്തിൽ വരുന്ന തുക ജീവനക്കാർക്ക് നേരിട്ട് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ തലങ്ങളിൽ നിന്നുള്ള അപേക്ഷകൾ സർക്കാരിന് വീണ്ടും ലഭിച്ചു വരുന്നതായി കാണുന്നു.

ധനകാര്യ വകുപ്പ് ടി വിഷയം വിശദമായി പരിശോധിക്കുകയും എയ്ഡഡ് സ്കൂളുകളിലെ അംഗീകാരം ലഭിക്കാതിരുന്ന മുൻകാല നിയമനങ്ങളിൽ പിന്നീട് അംഗീകാരം ലഭിക്കുന്ന സാഹചര്യത്തിൽ ടി കാലയളവിലെ ശമ്പള കുടിശ്ശിക നിർബന്ധമായും അവരുടെ പി എഫ് അക്കൗണ്ടിലേക്ക് നിക്ഷേപിക്കേണ്ടതാണെന്നും ടി തുക ജീവനക്കാർക്ക് നിയമനാംഗീകാരം നൽകിയ ഉത്തരവിന്റെ തീയതി മുതൽ 5 വർഷം കഴിഞ്ഞു മാത്രമേ പിൻവലിക്കാൻ കഴിയുകയുള്ളു എന്നും നിഷ്കർഷിക്കുന്നു. എന്നാൽ ടി വർഷ കാലയളവിനുള്ളിൽ സർവ്വീസിൽ നിന്ന് പിരിഞ്ഞു പോകുന്നവർക്കും/ പി എഫ് അംഗത്വം നിർബന്ധമില്ലാത്തവർക്കും/ നിലവിൽ പി എഫ് ഇല്ലാത്ത പാർട്ട് ടൈം ടീച്ചർമാർക്കും ശമ്പള കുടിശ്ശിക അവരുടെ ബാങ്ക് /ട്രഷറി അക്കൗണ്ടിലേക്ക് മാറ്റി നൽകാവുന്നതാണ്.

ടി വിഷയത്തിൽ മുൻപ് തീർപ്പാക്കിയ അപേക്ഷകൾ പുന:പരിശോധിക്കേണ്ടതില്ല.

യമുന വി
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പുമേധാവികൾക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in